# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1336 02.05.17 ൽ മറുപടിയ്ക്ക്**

**<u>ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനങ്ങളിൽ ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ രൂപവത്ക്കരിച്ച കമ്മിറ്റിയുടെ തീരുമാനപ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC നെ consultant cum service provider ആയി നിയമിച്ചു . പദ്ധതിയുടെ മൊത്തം അടങ്കൽ തുക 6.41 കോടി രൂപയാണ് . തിരുവനന്തപുരത്തു ഒരു മാസ്റ്റർ കൺട്രോൾറൂമും , 17 റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസുകളിൽ ഓരോ മിനി കൺട്രോൾ റൂമും State Data Center ൽ സെർവർ എന്നിവ പദ്ധതിയുടെ ഭാഗമായി സജ്ജീകരിക്കുന്നുണ്ട് . ഇതിനായുള്ള ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ് . |
| (ബി) | സംസ്ഥാനത്ത് മെച്ചപ്പെട്ട റോഡ് സുരക്ഷയും സ്ത്രീസുരക്ഷയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിവരിക്കുമോ; | (ബി) | പ്രാരംഭ ഘട്ടത്തിൽ 16000 സ്റ്റേജ് കാര്യേജുകളാണ് (ബസുകൾ) നിരീക്ഷണവിധേയമാക്കുക , റൂട്ട് മാറിയോടൽ, യാത്ര പാതിവഴി അവസാനിപ്പിക്കൽ, അമിത വേഗത മുതലായ നിയമ ലംഘനങ്ങൾ തടയുവാൻ ഇതിനാൽ സാധിക്കും . എല്ലാ നിയമ ലംഘനങ്ങൾക്കും കൺട്രോൾ റൂമിൽ അറിയിപ്പ് |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതാണ് . സ്ത്രീ സുരക്ഷ മുൻനിർത്തി പാനിക് ബട്ടൺ ഉൾപ്പടെയുള്ള ഉപകരണങ്ങൾ വാഹനങ്ങളിൽ സ്ഥാപിക്കാവുന്നതാണ് . |
| (സി) | ഈ പദ്ധതി നടപ്പിലാക്കിയ ശേഷം റോഡ് സുരക്ഷയിലും സ്ത്രീ സുരക്ഷയിലും മാറ്റങ്ങൾ എന്തെല്ലാം ഉണ്ടായെന്ന വെളിപ്പെടുത്തുമോ; | (സി) | പദ്ധതി നടപ്പിൽ വന്നിട്ടില്ല . ഇതിനുള്ള പരീക്ഷണ നിരീക്ഷണങ്ങൾ പുരോഗമിക്കുകയാണ് . |
| (ഡി) | ഇതിന് എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | 6.41 കോടി രൂപയുടെ പ്രധാന പദ്ധതികളിൽ 4.49 കോടി രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ